പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6455

21/11/2019-ൽ മറുപടിയ്ക്ക്

**<u>പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന നടപടി</u>**

| <u>ചോദ്യം</u><br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ .എ. പ്രദീപ്കുമാർ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ കെ. ബാബു | <u>മറുപടി</u><br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ മണ്ഡലത്തിലെയും ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നൂറ് വർഷം പൂർത്തിയാക്കിയ സർക്കാർ സ്കൂളുകൾക്ക് എന്തൊക്കെ ധനസഹായങ്ങളാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;<br>(സി) ഇരുന്നൂറ് വർഷം പിന്നിട്ട എയ്ഡഡ് സ്കൂളുകളടക്കം ഏഴ് പൈതൃക സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ബി) & (സി) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇരുന്നൂറ് വർഷം പിന്നിട്ട എയ്ഡഡ് സ്കൂളുകളടക്കം ഏഴ് പൈതൃക സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണെന്നും 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 150 വർഷം പിന്നിട്ട എല്ലാ ഹെറിറ്റേജ് സ്കൂളുകൾക്കും പ്രത്യേക ധനസഹായം നൽകുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് വരുന്നു. |
| (ഡി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനായി എത്ര സ്കൂളുകളുടെ മാസ്റ്റർ പ്ലാനുകളാണ് തയ്യാറാക്കിയിട്ടുള്ളതെന്നും എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാണോ, എങ്കിൽ നൽകുമോ? | (ഡി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനായി 141 സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

Namitha. P

**സെക്ഷൻ ഓഫീസർ**